## പതിമൂന്നാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 516 — 07/01/2014 ൽ മറുപടിയ്ക്ക്

# കശുവണ്ടി ഫാക്ടറിയിലെ മലിനീകരണ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി. |
| (എ) പുതുതായി കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുന്നതിലേക്കായി മലിനീകരണ നിയന്ത്രണ വകുപ്പിന്റെ അനുവാദവും, എൻ.ഒ.സി.യും ആവശ്യമുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ആവശ്യമുണ്ട്. ജലനിയമം, വായുനിയമം എന്നിവ പ്രകാരമുള്ള അനുമതികൾ ആവശ്യമാണ്. ബോർഡ് വിവിധ നിയമങ്ങൾ പ്രകാരവുമുള്ള അനുമതികൾ ഏകീകൃതമായിട്ടാണ് നൽകുന്നത്. വ്യവസായം സ്ഥാപിക്കുന്നതിന് മുൻപായി ബോർഡിൽ നിന്നും സ്ഥാപനാനുമതിയും, പ്രവർത്തനാനുമതിയും നിർബന്ധമാണ്. |
| (ബി) പ്രസ്തുത ആവശ്യത്തിലേക്കായി അനുശാസിക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്; | (ബി) കശുവണ്ടി പ്രോസസ്സിംഗ് പ്ലാന്റുകൾ മലിനീകരണ സാധ്യത കണക്കിലെടുത്തുള്ള തരംതിരിവ് പ്രകാരം 'ഓറഞ്ച്' വിഭാഗത്തിലാണ് പെടുന്നത്. ഓറഞ്ച് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ സ്ഥാപിക്കാൻ പാലിക്കേണ്ട ദൂരപരിധി ചുവടെ ചേർക്കുന്നു. |

| | അടുത്ത വീടുകളിലേക്കുള്ള കുറഞ്ഞ ദൂരപരിധി (മീറ്ററിൽ) | അടുത്ത വിദ്യാഭ്യാസ സ്ഥാപനം/കോടതി/ പൊതു കാര്യാലയം/ആശുപത്രി/ആരാധനാ സ്ഥലം/കമ്മ്യൂണിറ്റിഹാൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള കുറഞ്ഞ ദൂരപരിധി (വ്യവസായ സ്ഥാപനങ്ങൾ ഒഴികെ) (മീറ്ററിൽ) |
|---|---|---|
| ചെറുകിട | 10 | 15 |
| ഇടത്തരം | 15 | 25 |
| വൻകിട | 40 | 60 |

ഫാക്ടറിയിൽ നിന്നും ഉണ്ടാകുന്ന മലിനജലം, മലിനവായു എന്നിവ ശുദ്ധീകരിച്ച് പരിസ്ഥിതി ചട്ടങ്ങൾ പ്രകാരമുള്ള അനുവദനീയ പരിധിക്കുള്ളിലാക്കി പുറന്തള്ളുവാനാണ് ബോർഡ് നൽകുന്ന അനുമതികളിൽ നിഷ്കർഷിക്കുന്നത്. 2010-ലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലെ വിജ്ഞാപന പ്രകാരം കശുവണ്ടി പ്രോസസ്സിംഗ് വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന റോസ്റ്റിംഗ്, കുക്കിംഗ്, ബോർമ അവൻ ഹീറ്റർ എന്നിവയ്ക്കുള്ള കുറഞ്ഞ പുകക്കുഴൽ ഉയരം 20 മീറ്റർ, 15 മീറ്റർ, 15 മീറ്റർ എന്നതാണ്. കൂടാതെ റോസ്റ്റിംഗ്, കുക്കിംഗ്, ബോർമ അവൻ ഹീറ്റർ എന്നിവയിൽ നിന്നുമുള്ള പർട്ടിക്കുലേറ്റ് മാറ്ററിന്റെ അളവ് 250 $mg/NM^3$, 150 $mg/NM^3$, 150 $mg/NM^3$ എന്ന തോതിൽ കവിയാൻ പാടില്ല.

| | | | |
|---|---|---|---|
| (സി) | കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുമ്പോൾ പരിസര വാസികളുടെയും, പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സമീപവാസികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ/മലിനീകരണ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനായാണ് കുറഞ്ഞ ദൂരപരിധി ബോർഡ് നിഷ്കർഷിച്ചു വരുന്നത്. ഇതിനു പുറമേ കശുവണ്ടി പ്രോസസ്സിംഗിന്റെ ഭാഗമായി ഉണ്ടാകുന്ന മലിനജലം, മലിന വായു എന്നിവ ശുദ്ധീകരിച്ച് പുറന്തള്ളുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് സ്ഥാപനാനുമതിയിൽ നിഷ്കർഷിക്കുകയും, പ്രവർത്തനാനുമതിക്കായി അപേക്ഷിക്കുമ്പോൾ മേൽ പറഞ്ഞ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ